LIBRARY ARCHIVES Kerala Legislative Assembly

അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരണം

62 (1117) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരണത്തിന് നിലവിലുള്ള കാലവിളംബം എന്തെല്ലാമെന്ന് അറിയിക്കുമോ ; നാളിതുവരെ അനുബന്ധ വിഷയത്തിന്മേലുള്ള പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) അധിക തസ്തിക സൃഷ്ടിക്കാതെ നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിപ്പിച്ച് വിദ്യാഭ്യാസ ജില്ല അടിയന്തിരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരണം സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും വിശദമായ പ്രൊപ്പോസൽ ലഭിക്കുകയും സർക്കാർ പരിശോധിക്കുകയുമുണ്ടായി. ഹെഡ്മാസ്റ്റർമാർക്ക് ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് അധികാരം നൽകിയിട്ടുള്ള സാഹചര്യത്തിലും, ശമ്പളബില്ലുകൾ ഇപ്പോൾ SPARK മുഖേന ചെയ്യുന്നതിനാലും ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ജോലിഭാരം മുമ്പുള്ളതിനേക്കാൾ ലഘൂകരിക്കാൻ കഴിഞ്ഞിട്ടുള്ളതിനാൽ പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കുവാൻ കഴിയില്ല. വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഓഫീസ് ജോലികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക നിയമനങ്ങളുടെ അംഗീകാരം

63 (1118) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ അംഗീകാരത്തിനായി വിവിധ എ.ഇ.ഒ., ഡി.ഇ.ഒ. ഓഫീസുകളിൽ കെട്ടികിടക്കുന്നതിന്റെ വിശദാംശം ജില്ലതിരിച്ചും എ.ഇ.ഒ., ഡി.ഇ.ഒ. ഓഫിസുകൾ തിരിച്ചും എത്ര എണ്ണം ഉണ്ട് എന്ന് വ്യകതമാക്കുമോ ;

(ബി) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളും ട്രാൻസ്ഫറുകളും അംഗീകരിച്ച് ശമ്പളം നല്കുന്നതിൽ ഗുരുതരമായ കാല താമസവും വീഴ്ചകളും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന് ഉത്തരവാദികളായ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാരിന്റെ കാലത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യകതമാക്കുമോ ;

(സി) എയ്ഡഡ് സ്കൂളുകളിലെ നിയമനവും ട്രാൻസ്ഫറും അംഗീകരിച്ച് നല്കുന്നതിൽ ബോധപൂർവ്വമായി വീഴ്ച വരുത്തിയിട്ടുള്ള എത്ര പേരുടെ പരാതി കഴിഞ്ഞ മൂന്ന് വർഷക്കാലമായി ലഭിച്ചിട്ടുണ്ട് ; ആയതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) വ്യക്തമായ ഉത്തരവുകൾ ഉണ്ടായിട്ടും നിയമനവും ട്രാൻസ്ഫറും അംഗീകരിച്ച് ശമ്പളം നല്കാത്ത ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യകതമാക്കുമോ ;

(ഇ) ഇത്തരത്തിലുള്ള കേസ്സുകൾ അടിയന്തരമായി കൈകാര്യം ചെയ്യുന്നതിന് ഗവൺമെന്റ് തലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നത് പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

എയ്ഡഡ് സ്കൂളുകളിൽ കണക്കിൽ കൃത്രിമം കാണിച്ച് അദ്ധ്യാപക നിയമനം

64 (1119) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ കണക്കിൽ കൃത്രിമം കാണിച്ച് കൂടുതൽ അധ്യാപകരെ മാനേജ്മെന്റ് നിയമിച്ച ശേഷം അവരെ അദ്ധ്യാപക ബാങ്കിലെ അംഗങ്ങളാക്കുകയും അതിനുശേഷം തൊഴിൽ സമ്പാദിക്കുകയും ചെയ്യുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു തടയുവാൻ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം തട്ടിപ്പു വഴി 2013-14, 2014-15 അധ്യയന വർഷങ്ങളിൽ ഖജനാവിലുണ്ടാവുന്ന നഷ്ടം എത്ര രൂകയാണ് ;

(ഡി) 2014-15 അദ്ധ്യായന വർഷം എത്ര കുട്ടികളെ വിവിധ സ്കൂളുകളിൽ വ്യാജമായി ചേർത്തിട്ടുണ്ട് ; ഇതുമായി ബന്ധപ്പെട്ട് എത്ര പ്രധാന അധ്യാപകർ ഉൾപ്പെടെയുള്ള അദ്ധ്യാപകർക്കെതിരെ നടപടി സ്വീകരിച്ചു ; വ്യക്തമാക്കുമോ ;

(ഇ) ഇപ്രകാരം കുട്ടികളുടെ കള്ളക്കണക്കിന്റെ പേരിൽ തട്ടിയെടുത്ത തുക എപ്രകാരം തിരിച്ചുപിടിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ;

(എഫ്) ഇത്തരം ക്രമക്കേടിന് കൂട്ടുനിൽക്കുന്ന വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly